


# അക്കാദമിക മാസ്റ്റർ പ്ലാൻ

## സെന്റ് ജോർജ് ഹൈസ്കൂൾ ഇടപ്പള്ളി

ഒരു നിമിഷം...

പ്രിയപ്പെട്ടവരേ...

'അക്കാദമിക മികവ്.. വിദ്യാലയ മികവ്' എന്ന മുദ്രാവാക്യവുമായി സെന്റ് ജോർജ് സ്കൂൾ ഈ അധ്യയന വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതിയാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാ ണെന്നും അവിടെ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾ അന്താരാഷ്ട്ര നിലവാരമുള്ളവരും ഉയർന്ന സാമൂഹ്യമൂല്യങ്ങളുള്ളവരും ആണെന്നും ഓരോ രക്ഷിതാവിനേയും സമൂഹത്തെയും ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഈ അധ്യയന വർഷം സെന്റ് ജോർജ് സ്കൂളിന് മികവിന്റെ വർഷമാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം നിങ്ങൾ ഓരോരുത്തരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്....

'കർമ്മപദ്ധതി' ഉള്ളടക്കത്തിലൂടെ...

1) 5-ാം ക്ലാസ് മുതൽ ഇംഗ്ലീഷ് , മലയാളം ബോധന മാധ്യമം.

2) ഓരോ കുട്ടിക്കും ഓരോ മാസ്റ്റർപ്ലാൻ തയ്യാറാക്കും

3) കുട്ടി വിവിധ മേഖലകളിൽ ആർജിച്ച കഴിവുകൾ കുട്ടിയുടെ മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തി പഠനത്തെളിവുകൾ സഹിതം ക്ലാസ്സ് പി.ടി.എ.യിൽ രക്ഷിതാവിനെ ബോധ്യപ്പെടുത്തും

4) വർഷാവസാനം കുട്ടിയുടെ പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ) സ്പൈറൽ ബൈൻഡു ചെയ്ത് കുട്ടിക്ക് സമ്മാനമായി നൽകും.

5) കുട്ടിയുടെ മാസ്റ്റർപ്ലാൻ ഗുണാത്മക രേഖപ്പെടുത്തലുകളോടെ ടി.സിയോടൊപ്പം അടുത്ത സ്കൂളിന് / അടുത്തക്ലാസിന് കൈമാറും.

6) ശാസ്ത്രീയ വിദ്യാഭ്യാസം കുട്ടിക്ക് എങ്ങനെ സന്തോഷം പകരുന്നുവെന്ന് മനസ്സിലാക്കാൻ മാതൃകാ ക്ലാസ്സുകൾ കാണാൻ രക്ഷിതാക്കൾക്ക് അവസരം

7) ആവശ്യത്തിന് സ്ഥലമില്ല എന്ന പരാതിയില്ലാതെ കുട്ടികൾ കൂടിപ്പോയതുകൊണ്ട് അതൊന്നും നടക്കില്ല എന്ന ഒഴിവുകഴിവുകളില്ലാതെ ഓരോ കുട്ടി...

8) സ്കൂളിൽ കുട്ടികൾക്കായി ഫുട്ബോൾ , ക്രിക്കറ്റ് കോച്ചിംഗ് നടത്തുന്നു.

9)കുട്ടി പാർലമെൻ്റ്-- സ്കൂൾ പ്രവർത്തനങ്ങളുടെ ആസൂത്രണം,നടത്തിപ്പ്, വിലയിരുത്തൽ എന്നിവയിൽ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നതിനായി കുട്ടി പാർലമെൻ്റ് നടപ്പിലാക്കും

11) പഠനവേഗത കുറഞ്ഞവർക്ക് പ്രത്യേക പരിശീലനം നൽകും .

12) എസ്.എസ് , യൂ എസ്.എസ്, എൻ എം എം , എസ്. മത്സരപരീക്ഷകൾക്ക് പ്രത്യേക പരിശീലനം.

13) സമഗ്ര വികാസത്തിനായി ടാലന്റ് ലാബ്

14) ഓരോ ക്ലാസിലും നാലുവീതം ദിനപ്പത്രങ്ങൾ

15) ഓരോ കുട്ടിയുടേയും നിലവാരത്തിനനുസരിച്ചുള്ള വായനാക്കാർഡുകൾ മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലും

16) ലൈബ്രറിയുടെ നേതൃത്വത്തിൽ പുസ്തക സഞ്ചി, പുസ്തക നിരൂപണം, വായനക്കുറിപ്പ് മത്സരം.

17) 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ഗവേഷണാത്മകമായി ഗണിതപഠനം സാധ്യമാകുന്ന രീതിയിലുള്ള ഗണിത ലാബ് . കളി കളിലൂടെയും , ആക്ടിവിറ്റിയിലൂടേയും പിന്നോക്കം നിൽക്കുന്നവരെ മുന്നിൽ എത്തിക്കും. ഗണിത കട , ഗണിത ചാക്യാർ കൂത്ത്, ഗണിത അസംബ്ലി, കുറവൻ കുറത്തി ഡാൻസ് എന്നിവയിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കും.

18) ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക പരിശീലനം.

19) ശുചിത്വമുള്ള സ്കൂൾ പരിസരം.

20) ശുചിമുറികൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അനുപാതത്തിൽ

21) ഓരോ കുട്ടിക്കും ആവശ്യമായ പരിഗണന

22) പഠനാനുഭവങ്ങൾ ഒരുക്കുന്നതിന് രക്ഷിതാക്കളുടെ കൂട്ടായ്മ

23) രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുക

24) N.C.C, JRC എന്നിവയിൽ പരിശീലനം

25) അടുക്കളത്തോട്ട നിർമ്മാണം

26) ചിത്രകല, വർക്ക് എക്സ്പീരയൻസ് എന്നിവയിൽ പ്രത്യേക പരിശീലനം

27 ) അധ്യാപകർക്കും , വിദ്യാർത്ഥികൾക്കും പ്രത്യേകം ശിൽപ്പശാലകൾ

28) പഠന വിലയിരുത്തലിന്റെ ഭാഗമായി പ്രത്യേകം പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ്

29) ഗണിതവർക്ക് ഷീറ്റ് നിർമ്മാണം

30 ) ഭാഷാപഠനത്തിന് ലാംഗ്വേജ് ലാബ് .